**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1384** **15-06-2012 - ലെ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിൽ കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ<br>,, ജി. സുധാകരൻ<br>,, എ.എം. ആരീഫ്<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾക്കായി കേന്ദ്രം നാളിതുവരെ അനുവദിച്ചത് എത്ര തുകയാണ്; | (എ) കുട്ടനാട് പാക്കേജിൻ കീഴിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പാടശേഖരങ്ങളിൽ പൊതു ഉപയോഗത്തിനായി പമ്പുകളും കാർഷിക യന്ത്രങ്ങളുടെയും വിതരണം.<br>2. ഓണാട്ടുകരയിലെ ഒന്നാം നെൽകൃഷിക്കായുള്ള സഹായം.<br>3. ഓണാട്ടുകരയിൽ നെല്ല്-എള്ള് എന്നിവ ഇടവിട്ട് കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം.<br>4. കുട്ടനാട്ടിനും ഓണാട്ടുകരയ്ക്കും വേണ്ട അംഗീകൃത വിത്ത് ഉത്പാദനം.<br>5. മണ്ണ് പരിശോധനാധിഷ്ഠമായ വളപ്രയോഗങ്ങൾ.<br>6. കീടരോഗബാധ മുൻകൂട്ടി കാണലും മുൻകരുതലും.<br>7. കുട്ടനാട്ടിൽ നെല്ല് സംഭരണ ശാലകൾ സ്ഥാപിക്കൽ.<br>8. കാർഷിക ജോലികളിൽ യുവാക്കൾക്ക് പരിശീലനം നൽകൽ.<br>9. അഗ്രി ക്ലിനിക്കുകൾ സ്ഥാപിക്കൽ.<br>10. പുറക്കാട് കരിയിൽ ഉത്പാദന ബോണസ് വർദ്ധനവ്.<br>11. ഉത്പാദനക്ഷമത കുറഞ്ഞതും, രോഗസാധ്യതയുള്ളതുമായ തെങ്ങ് വെട്ടിമാറ്റി പുതിയവ വച്ചുപിടിപ്പിക്കൽ.<br>നാളിതുവരെ ടി പ്രവർത്തികൾക്കായി 122.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;<br>എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സർക്കാർ തലത്തിലുള്ള 3 ഉന്നതതല കമ്മിറ്റികൾ മുഖേന വിലയിരുത്തി വരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള |

| | | | |
|---|---|---|---|
| | | | പ്രോസ്പിരിറ്റി കൗൺസിൽ, കാർഷികോത്പാദന കമ്മീഷണർ തലവനായുള്ള ടാക്സ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള കോർഡിനേഷൻ കമ്മിറ്റി എന്നീ കമ്മിറ്റികൾ മുഖേനയാണ് പാക്കേജിന്റെ പ്രവർത്തന പുരോഗതി നിരന്തരമായി അവലോകനം നടത്തി വരുന്നത്. കൂടാതെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി ജില്ലാതല മോണിട്ടറിംഗ് നടത്തുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിനും, പദ്ധതി അവലോകനത്തിനുമായി കുട്ടനാട് പാക്കേജിനു മാത്രമായി ഒരു പ്രോജക്റ്റ് ഓഫീസറെ കൂടി നിയമിച്ചിട്ടുണ്ട്. |
| (സി) | പണമല്ല ഏകോപനമില്ലായ്മയാണ് പാക്കേജ് നടപ്പാക്കുന്നതിനുള്ള പ്രധാന പ്രശ്നം എന്ന ശ്രീ.എം.എസ്. സ്വാമിനാഥന്റെ അഭിപ്രായം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 18-04-12 ന്, തിരുവനന്തപുരത്ത്, ശ്രീ. എം.എസ്.സ്വാമിനാഥന്റെ അദ്ധ്യക്ഷതയിൽ ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കുട്ടനാട് പാക്കേജിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുകയും അംഗങ്ങൾ ഉന്നയിച്ച വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നടപ്പിലാക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു. IAS Cadre-ലുള്ള ഉദ്യോഗസ്ഥനാണ് പാക്കേജിന്റെ ചുമതല വഹിക്കുന്നതിന് ചാർജ്ജ് നൽകിയിട്ടുള്ളത്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെയുള്ള കാലയളവിൽ കൃഷിവകുപ്പിന് അനുവദിക്കപ്പെട്ട തുകയിൽ നിന്നും എത്ര രൂപ ചെലവഴിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | കൃഷി വകുപ്പിനായി അനുവദിച്ച 52.96 കോടി രൂപയിൽ 49.11 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**